"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, ചലവറ ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ.ഹരിദാസൻ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 26057/2023 -യിലെ 8.08.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4240/2024/GEDN തീയതി,തിരുവനന്തപുരം, 06-07-2024

---

പരാമർശം:-

1. 19.04.1996 ലെ സ.ഉ(പി) നം.367/96/ധന.
2. 25.03.2006ലെ സ.ഉ(പി) നം.145/2006/ധന.
3. 08.08.2008 ലെ 46/2008/ധന നം. സർക്കുലർ.
4. 18.01.2010 ലെ സ.ഉ(പി) നം.16/2010/ധന നം. സർക്കുലർ.
5. 26.02.2011 ലെ സ.ഉ(പി) നം.85/2011/ധന നം. സർക്കുലർ.
6. 17.05.2012 ലെ സ.ഉ(സാധാ) നം.2257/2012/പൊവിവ.
7. 20.01.2016 ലെ സ.ഉ(പി) നം.7/2016/ധന
8. 10.02.2021 ലെ സ.ഉ(പി) നം.27/2021/ധന നം. ഉത്തരവ്.
9. റിട്ട് ഹർജി നം. 26057/2023 -യിലെ 8.08.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
10. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.11.2023 ലെ DEOOTP/1950/2023-B5 നം. കത്ത്.
11. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17.11.2023 ലെ DDEPKD/5433/2022-D1 നം. കത്ത്.
12. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.11.2023 ലെ ആർ7/18005/2023/ഡി.ജി.ഇ നം. കത്ത്.

**ഉത്തരവ്**

പാലക്കാട്, ചലവറ ഹയർ സെക്കന്ററി സ്കൂളിലെ ക്ളാർക്കായ ശ്രീ. ഹരിദാസൻ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം. 26057/2023 -യിലെ പരാമർശം(9) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം ഹർജിക്കാരന്റെ എക്സി - പി 8 റിവിഷൻ ഹർജി പരിഗണിച്ച് അപേക്ഷകനെ നേരിൽ കേട്ടതിനുശേഷം ഉചിതമായ ഉത്തരവ് വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം പുറപ്പെടുവിക്കുവാൻ 1-ാം എതിർകക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം 21.11.2023 ന് നേരിൽ കേട്ടു.ഹർജിക്കാരന്റെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെയും വാദഗതികൾ ചുവടെച്ചേർക്കുന്നു.

ഹർജിക്കാരൻ

3. ചലവറ ഹൈസ്കൂളിൽ 05.06.2000-ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചയാളാണ് താൻ. 01.07.2008ന് ഹയർഗ്രേഡും 01.07.2015ന് സീനിയർ ഗ്രേഡും തനിക്ക് അനുവദിച്ചിരുന്നു. 05.06.2015ന് ഡ്യൂ ആയ സീനിയർ ഗ്രേഡിന് ഓപ്ഷൻ നൽകിയതിൽ കാലതാമസം വന്നു എന്നതിന്റെ പേരിലുള്ള ഓഡിറ്റ് തടസ്സവാദമാണ് ഈ ഹിയറിംഗിന് ആധാരമായിട്ടുള്ളത്.

4. ഗ്രേഡ് ഡ്യൂ ആയ തിയ്യതിക്ക് 3 മാസം മുമ്പ് ഓപ്ഷൻ നല്കണമെന്നാണ് ഓഡിറ്റ് തടസ്സവാദം. ചലവറ പഞ്ചായത്ത് പ്രസിഡന്റിന്റെ ഡ്യൂട്ടി നിർവ്വഹിക്കുന്നതിനായി 05.05.2011 മുതൽ 30.09.2015 വരെ സർക്കാർ ലീവ് അനുവദിച്ചിരുന്നു. അവധിയിലായിരിക്കവെ 05.06.2015ന് ഡ്യൂ ആയ ഗ്രേഡിന് ഓപ്ഷൻ നല്കുവാനാകുമായിരുന്നില്ല. അവധി കഴിഞ്ഞ് 01.10.2015നാണ് ജോലിയിൽ പ്രവേശിച്ചത്. ദീർഘകാല അവധിയിലുള്ളവർ ജോലിയിൽ തിരികെ പ്രവേശിച്ച് 6 മാസത്തിനുള്ളിൽ ഓപ്ഷൻ നല്കണമെന്ന് പേ റിവിഷൻ ഓർഡറുകളിലെ വ്യവസ്ഥയാണ് ഗ്രേഡുകൾക്കും ബാധകമെന്ന നിലയിലാണ് 17.02.2016ന് ഓപ്ഷൻ നല്കിയത്.

5. ഗ്രേഡ് ഡ്യൂ ആയ തിയ്യതിയിൽ ആയത് അനുവദിച്ച് നല്കണമെന്നും അപ്രകാരം ഗ്രേഡ് അനുവദിച്ച് നല്കിയാൽ ഓപ്ഷനുണ്ടെങ്കിൽ ഗ്രേഡ് അനുവദിച്ച് നല്കിയ തിയ്യതി മൂന്നു മാസത്തിനുള്ളിൽ നല്കണമെന്നാണ് പരാമർശം(1) ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം ഓപ്ഷൻ നല്കിയത് ക്രമപ്രകാരമാണ്. ആയതിനാൽ, 31.03.2023ന് സേവനത്തിൽ നിന്നും വിരമിക്കുന്നയാളാണെന്ന പരിഗണനയിൽ തന്റെ സീനിയർ ഗ്രേഡിനുള്ള ഓപ്ഷൻ സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ / പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ

6. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നടത്തിയ ശമ്പള നിർണ്ണയ പരിശോധനയിൽ ശ്രീ.ഹരിദാസൻ.പിയ്ക്ക് 05/06/20015 ന് സീനിയർഗ്രേഡ് അനുവദിച്ചതിന് ശേഷം 01/07/2015 ന് ഇൻക്രിമെന്റ് അനുവദിച്ച നടപടി ക്രമപ്രകാരമല്ലായെന്നും തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചതുമൂലം നാളിതുവരെ അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുവാനും നിർദ്ദേശിച്ചിരുന്നു. കൂടാതെ, ടിയാൾക്ക് അനുവദിച്ച ശമ്പള നിർണ്ണയത്തിൽ ഗ്രേഡ് ഉൾപ്പെടെ നൽകിയതിൽ ശമ്പള സ്കെയിലുകൾ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തു.

7. ഒരു എസ്റ്റാബ്ലിഷ്മെന്റിൽ റെഗുലർ പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ മാത്രമേ റഗുലർ പ്രമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലായി അനുവദിക്കാൻ പാടുള്ളൂവെന്നും എയ്ഡഡ് സ്കൂളുകളിൽ ക്ലാർക്ക് തസ്തിക മാത്രമേ നിലവിലുള്ളൂ എന്നും പ്രൊമോഷൻ തസ്തികയുടെ അഭാവത്തിൽ യു.ഡി.ക്ളാർക്ക്, ഹെഡ്ക്ലാർക്ക് എന്നീ തസ്തികകളുടെ ശമ്പള സ്കെയലുകളിൽ സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കാൻ കഴിയില്ലെന്നും ഇത്തരക്കാർക്ക് കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ ഗ്രേഡ് സംബന്ധിച്ച പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകളായി അനുവദിക്കുവാനെ വ്യവസ്ഥയുള്ളുവെന്നും പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു.

8. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ടിയാൾ ചലവറ പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ പരാമർശം(6) ഉത്തരവ് പ്രകാരം 05/05/2011 മുതൽ 30/09/2015 വരെ സ്പെഷ്യൽ ശൂന്യവേതനാവധിയിൽ ആയിരുന്നു. ടി കാലയളവ് എല്ലാ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കുന്നതാണ്. ടിയാൻ അവധി കഴിഞ്ഞ് 01/10/2015 ന് സേവനത്തിൽ പുനപ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രേഡ് ഡ്യൂ ആയ 05/06/2015 ന് ഓപ്ഷൻ നൽകുവാൻ കഴിഞ്ഞില്ല. ആയതിനാൽ 05/06/2015 ന് ഡ്യൂ ആയ ഗ്രേഡ് 01/07/2015 ലേക്ക് ഓപ്ഷൻ നൽകിയത് അപാകതയുള്ളതായി കാണുന്നില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. എന്നാൽ, ടിയാൾ പ്രീ റിവൈസ്ഡ് സ്കെയിലിൽ അനുവദിച്ച ഗ്രേഡ് 01/07/2015 ലേക്ക് നീട്ടി ഓപ്ഷൻ നൽകുന്നത് 17/02/2016ന് ആണ്. ടിയാളുടെ അവധി അവസാനിപ്പിച്ച് ജോലിയിൽ തിരികെ പ്രവേശിക്കുന്നത് 01/10/2015ന് ആണ്. തിരികെ ജോലിയിൽ പ്രവേശിച്ചതിന് ശേഷം 3 മാസത്തിനകം ഓപ്ഷൻ സമർപ്പിക്കണമായിരുന്നു. എന്നാൽ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളത് 17/02/2016ന് ആണ്. ആയതിനാൽ, ടി തീയതിയിൽ സമർപ്പിച്ച ഓപ്ഷൻ ക്രമപ്രകാരമല്ല. 2014 ശമ്പള നിർണ്ണയം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സീനിയർ ഗ്രേഡ് റിവൈസ് ചെയ്തപ്പോൾ 05/06/2015 ന് തന്നെ അനുവദിക്കുകയും തുടർന്ന് 01/07/2015 ന് ഇൻക്രിമെന്റും പരാമർശം(7) പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളിലെ ക്ലർക്കുമാരുടെ ഗ്രേഡ് അനുവദിക്കുമ്പോൾ ശമ്പള സ്കെയിലുകളുടെ കാര്യത്തിൽ മുകളിൽ പറഞ്ഞ തടസ്സവാദം ഉന്നയിച്ചത് 27/01/2021 തീയതിയിലെ എസ്2/36/2021/പൊ.വി.വ കത്തിന്റെ അടിസ്ഥാനത്തിലാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം</u>

10. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശമ്പള നിർണ്ണയ പരിശോധനയിൽ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം പ്രകാരം ശ്രീ.പി.ഹരിദാസന് 05/06/2015 മുതൽ സീനിയർ ഗ്രേഡ് അനുവദിച്ചതിന് ശേഷം 01/07/2015 ന് ഇൻക്രിമെന്റ് അനുവദിച്ചത് ക്രമപ്രകാരമല്ലെന്നും, അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുവാനും നിർദ്ദേശിച്ചു. കൂടാതെ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ 07/02/2023ലെ കത്ത് പ്രകാരം, ശ്രീ.പി.ഹരിദാസന്റെ ശമ്പള നിർണ്ണയത്തിൽ ശമ്പള സ്കെയിലുകൾ തെറ്റായി ആണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഒരു എസ്റ്റാബ്ലിഷ്മെന്റിൽ റഗുലർ പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ മാത്രമേ റഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലായി അനുവദിക്കുവാൻ പാടുള്ളൂ എന്നും എയ്ഡഡ് സ്കൂളുകളിൽ ക്ലർക്ക് തസ്തിക മാത്രമേ നിലവിലുള്ളൂ എന്നും പ്രൊമോഷൻ തസ്തികകളുടെ അഭാവത്തിൽ യു.ഡി.ക്ലാർക്ക്, ഹെഡ് ക്ലർക്ക് എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ കഴിയില്ലെന്നും, ഇത്തരക്കാർക്ക് കാലകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ ഗ്രേഡ് സംബന്ധിച്ച പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള ശമ്പള സ്കെയിലുകൾ സമയബന്ധിത ഹയർ ഗ്രേഡ് സ്കെയിലുകളായി അനുവദിക്കുവാനെ വ്യവസ്ഥയുള്ളൂവെന്നും, 05/06/2015 ന് ഡ്യൂ ആയ ഗ്രേഡ് 01/07/2015ലേക്ക് നീട്ടി ഓപ്ഷൻ നൽകിയിരിക്കുന്നത് 01/02/2016 നാണെന്നും ഗ്രേഡ് ഡ്യൂ ആകുന്നതിന് മൂന്ന് മാസം മുമ്പ് ഓപ്ഷൻ നൽകേണ്ടതാണെന്നും, എന്നാൽ അത് പ്രകാരം ഓപ്ഷൻ നൽകിയിട്ടില്ലെന്നും, ആയതിനാൽ തെറ്റായി ശമ്പള സ്കെയിലുകളും, ഗ്രേഡും അനുവദിച്ചത് മൂലം അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ നിർദ്ദേശിച്ചു.

11. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ടിയാന് 2014-ലെ ശമ്പള പരിഷ്കരണം നിലവിൽ വരുന്നതിന് മുമ്പ് സീനിയർ ഗ്രേഡ് പഴയ ശമ്പള സ്കെയിലിൽ അനുവദിച്ചിരുന്നു. ആയതിൽ 04/06/2015 ന് ഡ്യൂ ആയ ഗ്രേഡ് ഓപ്ഷൻ പ്രകാരം 01/07/2015ന് അനുവദിച്ചിരുന്നു. 01/07/2016 ന് അടുത്ത ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ, പരാമർശം(7) ഉത്തരവ് പ്രകാരം 2014ലെ ശമ്പള പരിഷ്കരണം നിലവിൽ വന്നതിനാൽ ടിയാന്റെ സീനിയർ ഗ്രേഡ് മുൻ ഓപ്ഷൻ കണക്കാക്കാതെ 05/06/2015 മുതൽ റിവൈസ് ചെയ്യുകയും അടുത്ത ഇൻക്രിമെന്റ് തീയതി ലോവർ തസ്തികയിലെ ഇൻക്രിമെന്റ് തീയതിയായ 01/07/2015 ന് അനുവദിക്കുകയും ചെയ്തു.

12. ശ്രീ.പി.ഹരിദാസൻ ചലവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതിനാൽ പരാമർശം(6) ഉത്തരവ് പ്രകാരം, 05/05/2011 മുതൽ 30/09/2015 വരെ സ്പെഷ്യൽ ശൂന്യവേതനാവധിയിൽ ആയിരുന്നു. അവധി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ് എന്നീ എല്ലാ സേവനാനുകൂല്യങ്ങൾക്കും കണക്കാക്കിയിരുന്നു. ടിയാൻ അവധി കഴിഞ്ഞ് 01/10/2015ന് മാത്രം സേവനത്തിൽ പുനഃപ്രവേശിച്ചതിനാൽ ഗ്രേഡ് ഡ്യൂ ആയ 05/06/2015 ന് മൂന്ന് മാസം മുമ്പ് ഓപ്ഷൻ നൽകുവാൻ കഴിഞ്ഞില്ല.

13. 01/02/2016 ന് മുമ്പ് ഡ്യൂ ആകുന്ന ഗ്രേഡുകൾക്ക് ഓപ്ഷന് അനുവദനീയമാണ്. ആയതിനാൽ 02/06/2015 ന് ഡ്യൂ ആയ ഗ്രേഡ് 01/07/2015 ലേക്ക് ഓപ്ഷൻ നൽകിയത് അപാകത ഉള്ളതായി കാണുന്നില്ല. പരാമർശം(2), പരാമർശം(5), പരാമർശം(7) എന്നീ ശമ്പള പരിഷ്കരണ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പ്രകാരമാണ് ശ്രീ.ഹരിദാസൻ.പിയ്ക്ക് 2008 മുതൽ ഹയർ ഗ്രേഡ്, ശമ്പള പരിഷ്കരണം എന്നിവ അർഹമായ സ്കെയിലിൽ അനുവദിച്ചിട്ടുള്ളത്. മേൽ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ, എയ്ഡഡ് സ്കൂൾ ക്ലർക്കുമാർക്ക് ശമ്പള പരിഷ്കരണ ഉത്തരവിലെ ടേബിൾ സ്കെയിൽ മാത്രമേ അനുവദിക്കാവൂ എന്ന നിബന്ധന സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഒരു ഡിപ്പാർട്ട്മെന്റിൽ റഗുലർ പ്രൊമോഷൻ തസ്തിക ഇല്ല എങ്കിൽ കൂടി പ്രസ്തുത റഗുലർ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിൽ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

14. എയ്ഡഡ് സ്കൂളുകളിൽ സീനിയർ ക്ലർക്ക്, ഹെഡ്ക്ലർക്ക് തസ്തിക ഇല്ല എങ്കിൽ കൂടി പൊതുവിദ്യാഭ്യാസ വകുപ്പിലെ റഗുലർ പ്രൊമോഷൻ തസ്തികയിൽ പരാമർശം(2) ഉത്തരവനുസരിച്ച് ശമ്പള സ്കെയിലിന് അർഹത ഉണ്ടെന്ന് കാണുന്നു. കൂടാതെ 2009, 2014 വർഷങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവുകളിലും ഇതേ നിർദ്ദേശം തുടരുന്നുണ്ട്. ഡിപ്പാർട്ട്മെന്റിലെ റഗുലർ പ്രൊമോഷൻ തസ്തികയിലെ ശമ്പള സ്കെയിൽ ലഭിക്കുന്നതിന് നിശ്ചിത യോഗ്യത നേടിയിരിക്കണം എന്ന മാനദണ്ഡം മാത്രമാണ് മേൽ പരാമർശിച്ച ശമ്പള പരിഷ്കരണ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ളൂ. ശ്രീ.പി.ഹരിദാസൻ 29/07/2006ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതിനാൽ പരാമർശം(4) ഉത്തരവ് പ്രകാരം, ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് നേടിയിട്ടുണ്ട്. ആയതിനാൽ, എയ്ഡഡ് സ്കൂളുകളിൽ സീനിയർ ക്ലർക്ക്, ഹെഡ് ക്ലർക്ക് തസ്തിക ഇല്ല എങ്കിലും വിദ്യാഭ്യാസ വകുപ്പിലെ സമാന തസ്തികയിലെ ശമ്പള സ്കെയിലിന് ശ്രീ.പി.ഹരിദാസൻ അർഹനാണ് എന്നും ടിയാൻ ഗ്രേഡുകൾ, ശമ്പള നിർണ്ണയം എന്നിവ നടത്തിയത് അർഹതപ്പെട്ട ശമ്പള സ്കെയിലിൽ ആണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**15. സർക്കാർ ഈ വിഷയം നിലവിലെ സർക്കാർ ഉത്തരവുകളുടെയും വിദ്യാഭ്യാസ ചട്ടങ്ങളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

16. ശ്രീ.പി.ഹരിദാസന് പ്രീ-റിവൈസ്ഡ് സ്കെയിലിൽ അനുവദിച്ച ഗ്രേഡ് 01/07/2015 ലേക്ക് നീട്ടി ഓപ്ഷൻ നൽകുന്നത് 17/02/2016ന് ആണ്. ടിയാളുടെ അവധി അവസാനിപ്പിച്ച് ജോലിയിൽ തിരികെ പ്രവേശിക്കുന്നത് 01/10/2015ന് ആണ്. തിരികെ ജോലിയിൽ പ്രവേശിച്ചതിന് ശേഷം 3 മാസത്തിനകം ഓപ്ഷൻ സമർപ്പിക്കണമായിരുന്നു. എന്നാൽ ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളത് 17/02/2016ന് ആണ്. ആയതിനാൽ ടി തീയതിയിൽ സമർപ്പിച്ച ഓപ്ഷൻ ക്രമപ്രകാരമല്ല. കൂടാതെ , പരാമർശം(7) ഉത്തരവ് പ്രകാരം 2014 ശമ്പള നിർണ്ണയം ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സീനിയർ ഗ്രേഡ് റിവൈസ് ചെയ്തപ്പോൾ 05/06/2015 ന് തന്നെ അനുവദിക്കുകയും തുടർന്ന് 01/07/2015 ന് ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

17. സമയ ബന്ധിത ഗ്രേഡ് പ്രൊമോഷൻ അനുവദിച്ച് പുറപ്പെടുവിച്ച ഉത്തരവ് തിയതി മുതൽ മൂന്നു മാസത്തിനകമാണ് പരാമർശം(3) സർക്കുലർ പ്രകാരം ഓപ്ഷൻ സമർപ്പിക്കേണ്ടത്. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.09.2016 തീയതിയിലെ K.Dis.B5-4963/2016 ഉത്തരവ് പ്രകാരമാണ് ടിയാന് രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചതായി കാണുന്നത്. ആയതിനാൽ ടിയാൻ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിന് 17.02.2016 ന് സമർപ്പിച്ച ഓപ്ഷൻ തീയതിയായ 01.07.2015 അംഗീകരിക്കാവുന്നതാണ്. ടിയാന്റെ സേവന പുസ്തകത്തിൽ, 2014 ശമ്പള പരിഷ്കരണം ചെയ്ത ശേഷം 05.06.2015 ൽ ശമ്പളം നിർണ്ണയിച്ചതിൽ അപാകതയുണ്ടെങ്കിലും ടിയാന്റെ ഓപ്ഷൻ തീയതിയായ 01.07.2015 ന് ശേഷം ഇപ്രകാരം നിർണ്ണയിച്ചത് മൂലം ശമ്പളത്തിൽ വ്യത്യാസമില്ല, മാത്രമല്ല ഈ കാലയളവിൽ ടിയാൻ ശൂന്യവേതനാവധിയിൽ ആയതിനാൽ നോഷണലായി മാത്രം ശമ്പളം നിർണ്ണയിക്കേണ്ടതിനാൽ അധിക തുക കൈപ്പറ്റുന്ന സാഹചര്യം ഉണ്ടാകുന്നില്ല. ആയതിനാൽ, ഈ വിഷയത്തിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ തടസ്സവാദം ക്രമപ്രകാരമല്ല.

18. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഉന്നയിച്ച മറ്റൊരു പ്രധാനപ്പെട്ട തടസ്സവാദം, ശ്രീ.പി.ഹരിദാസന് അനുവദിച്ച ഗ്രേഡ് സ്കെയിലുകൾ സംബന്ധിച്ചാണ്. എയ്ഡഡ് സ്കൂളുകളിൽ ക്ളാർക്ക് തസ്തിക മാത്രമേ നിലവിലുള്ളൂ എന്നും പ്രൊമോഷൻ തസ്തികകളുടെ അഭാവത്തിൽ യു.ഡി ക്ലാർക്ക്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ ഒന്നാമത്തെയും രണ്ടാമത്തെയും സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാനാവില്ല എന്നുമുള്ള തടസ്സവാദം ക്രമപ്രകാരമാണ്. കൂടാതെ, പരാമർശം(8) ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിലെ ക്ളർക്ക്മാർക്ക് സമയ ബന്ധിത ഹയർ ഗ്രേഡിന്റെ പൊതു വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ , 1st, 2nd, 3rd, 4th എന്നീ സമയ ബന്ധിത ഹയർ ഗ്രേഡുകൾ സീനിയർ ക്ളർക്ക്, ഹെഡ് ക്ളർക്ക്, ജൂനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്(ഹയർ ഗ്രേഡ്) എന്നീ തസ്തികകളുടെ ശമ്പള സ്കെയിലുകളിൽ അർഹതയുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സമയബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പൊതു ചട്ടങ്ങൾ പ്രകാരം പ്രൊമോഷൻ തസ്തിക നിലവിലുണ്ടെങ്കിൽ പ്രൊമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിലും പ്രൊമോഷൻ തസ്തിക നിലവിലില്ലെങ്കിൽ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിലും മാത്രമേ ഗ്രേഡ് അനുവദിച്ചുനൽകാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ, ശ്രീ.പി.ഹരിദാസന് 05.06.2022 ന് ഡ്യൂ ആകുന്ന മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ശമ്പള

സ്കെയിലിൽ അനുവദിക്കുവാനാവില്ല. ശമ്പള പരിഷ്കരണ ഉത്തരവിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിൽ മാത്രമേ അനുവദിക്കാനാവുകയുള്ളൂ.

19. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ഹരിദാസന് 05.06.2022 ന് ഡ്യൂ ആകുന്ന മൂന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ശമ്പള സ്കെയിലിൽ അനുവദിക്കാനാവില്ലെന്നും ശമ്പള പരിഷ്കരണ ഉത്തരവിലെ പട്ടിക പ്രകാരമുള്ള ശമ്പള സ്കെയിലിൽ മാത്രമേ അനുവദിക്കാനാവൂ എന്നുമുള്ള നിർദ്ദേശം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നല്കി, റിട്ട് ഹർജി നം. 26057/2023 -യിലെ 8.08.2023 ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (9) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.പി.ഹരിദാസൻ, ക്ളാർക്ക്, ചലവറ ഹയർ സെക്കന്ററി സ്കൂൾ, ചലവറ പി.ഒ, ഷൊർണ്ണൂർ, പാലക്കാട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
വിവരപൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 06-07-2024 12:29:54

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്